അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ

80 [5740] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. പി. സ്കൂളുകളിൽ മാറ്റം വരുത്തിയ പാഠ്യ വിഷയങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര അദ്ധ്യാപകർക്ക് ഇങ്ങനെ പരിശീലനം നൽകി; എന്നുമുതൽക്കാണ് പരിശീലന പരിപാടി ആരംഭിച്ചത്;

(സി) കോഴിക്കോട് ജില്ലയിൽ എത്ര അദ്ധ്യാപകർക്ക് ഇപ്രകാരം പരിശീലനം നൽകി; ഇത്തരം പരിശീലന പരിപാടി നടത്താൻ വൈകുന്നതും സ്കൂളുകൾ തുറന്ന ശേഷം നടത്തുന്നതും അദ്ധ്യയനം മുടങ്ങാൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പരിശീലന പരിപാടികൾ മദ്ധ്യവേനലവധിയിൽ തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശീലനം നൽകി വരുന്നു.

(ബി) ഒന്ന്, രണ്ട്, മൂന്ന് ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും പതിനാലു ജില്ലകളിലും പരിശീലനം നൽകാൻ (എസ്. എസ്. എ. പദ്ധതി പ്രകാരം) നടപടി സ്വീകരിച്ചിട്ടുണ്ട്. പരിശീലന പരിപാടിയുടെ കോർ ഗ്രൂപ്പ് പരിശീലനം, റിസോഴ്സ് ഗ്രൂപ്പ് പരിശീലനം ജൂൺ മാസം, ജൂലൈ ആദ്യ ആഴ്ച എന്നീ പിരീഡുകളിൽ നടത്തി. തുടർന്ന് അദ്ധ്യാപക പരിശീലന പരിപാടി നടന്നു വരുന്നു. ജില്ല തിരിച്ചുള്ള ട്രെയിനിംഗ് ലഭിച്ച അദ്ധ്യാപകരുടെ കണക്ക് ശേഖരിച്ചു വരുന്നു.

(സി) കോഴിക്കോട് ജില്ലയിൽ ഇപ്രകാരം പരിശീലനം നൽകിയ അദ്ധ്യാപകരുടെ എണ്ണം 3796 ആണ്. പരിശീലന പരിപാടികൾ പൂർത്തിയാകാറായ സ്ഥിതിക്ക് അദ്ധ്യാപനം താളംതെറ്റുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണ്.

(ഡി) വെക്കേഷൻ കാലത്തുതന്നെ ഇത്തരം പരിശീലനങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സഹകാര്യ-എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം

81 [5741] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സ്വകാര്യ-എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ രണ്ടു വർഷമായി നടന്ന നിയമനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകിയിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ജി. ഒ. (പി) നം. 56/2002/ഹിൻ. തീയതി 16-6-2002 സ്വകാര്യ സ്കൂളുകളിലെ നിയമനങ്ങൾക്ക് ബാധകമാണോ?

ഉത്തരം

(എ) പുതിയ തസ്തിക സൃഷ്ടിക്കുന്നതും നിയമനം നടത്തുന്നതും സംബന്ധിച്ച സർക്കാർ നിരോധന ഉത്തരവുകൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല.

(ബി) പൊതു ഖജനാവിൽ നിന്ന് ശമ്പളം നൽകുന്ന എല്ലാ സ്ഥാപനങ്ങൾക്കും 16-6-2002-ലെ ഉത്തരവ് ബാധകമാണ്.

നിയമനം അംഗീകരിക്കാത്ത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ

82 [5742] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ പി. കെ. അബ്ദുറബ്ബ്:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ശമ്പളം കിട്ടാതെ ജോലി ചെയ്യുന്നുണ്ട് എന്ന് ജില്ല തിരിച്ചും കാറ്റഗറി തിരിച്ചുമുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

ജില്ല	ഫിസിക്കൽ ഡ്രോയിംഗ് മ്യൂസിക് തയ്യൽ			സംസ്കൃതം	അറബി	ക്രാഫ്റ്റ് എഡ്യൂക്കേഷൻ
(1)	(2)	(3)	(4)	(5)	(6)	(7)	(8)
തിരുവനന്തപുരം	ഇല്ല	..	..	..	..	..	..
കൊല്ലം	ഇല്ല	..	..	..	..	..	..
ആലപ്പുഴ	ഇല്ല	..	..	..	..	..	..
പത്തനംതിട്ട	ഇല്ല	..	..	..	3	1	ഇല്ല
കോട്ടയം	2	ഇല്ല	2	12	ഇല്ല	ഇല്ല	ഇല്ല
ഇടുക്കി	2	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
എറണാകുളം	4	2	1	4	..	..	..
തൃശ്ശൂർ	4	1	1	2	..	..	..

LIBRARY ARCHIVES Kerala Legislative Assembly